(എ) കേന്ദ്രധനകാര്യകമ്മീഷനിൽ നിന്ന് സംസ്ഥാനങ്ങൾക്ക് പണം നൽകുന്ന നിലവിലെ മാനദണ്ഡപ്രകാരം സംസ്ഥാനത്തിന് ലഭിക്കേണ്ട പണം കുറഞ്ഞു വരുന്നതിനാൽ 14-ാം ധനകാര്യകമ്മീഷൻ മുമ്പാകെ നിലവിലെ മാനദണ്ഡങ്ങൾ മാറ്റുവാൻ ആവശ്യപ്പെട്ടുവോ;

(ബി) എങ്കിൽ ഏതെല്ലാം വിഷയങ്ങളിൽ മാറ്റം ആവശ്യപ്പെട്ടിട്ടുണ്ട്;

(സി) 11,12,13 എന്നീ ധനകാര്യകമ്മീഷനിലൂടെ സംസ്ഥാനത്തിന് ലഭിച്ച വിഹിതം എത്ര ശതമാനം വീതമാണെന്നും ഇതിൽ കുറവ് വരുത്തുന്നത് എന്തുകൊണ്ടാണന്നും വ്യക്തമാക്കുമോ;

(ഡി) വിഹിതം നിശ്ചയിക്കുന്നതിൽ ജനസംഖ്യയുടെ അനുപാതം കൂട്ടുകയും ആകെ ആഭ്യന്തര ഉല്പാദനത്തിന്റെ അനുപാതം കുറയുകയുമാണ് സംസ്ഥാനത്തിന് അനുയോജ്യമായ വഴി എന്നത് ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ 14-ാം ധനകാര്യകമ്മീഷനിൽ ഇക്കാര്യം അവതരിപ്പിച്ച് അനുമതി നേടുവാൻ എന്തു നടപടി സ്വീകരിച്ചു; വ്യക്തമാക്കുമോ;

(ഇ) 14-ാം ധനകാര്യകമ്മീഷൻ കേരള സന്ദർശനത്തിനായി എത്ര തവണ അനുമതി ചോദിച്ചു; പ്രസ്തുത കമ്മീഷൻ ചോദിച്ച അനുമതി സംസ്ഥാന സർക്കാർ നിഷേധിക്കാൻ കാരണം എന്തെന്ന് വ്യക്തമാക്കുമോ;

(എഫ്) വർദ്ധിച്ചുവരുന്ന റവന്യൂകമ്മി നികത്താൻ 14-ാം ധനകാര്യകമ്മീഷനോട് എന്തൊക്കെ സഹായങ്ങൾ ആവശ്യപ്പെട്ടു; വിശദമാക്കുമോ;

(ജി) 14-ാം ധനകാര്യകമ്മീഷന് സംസ്ഥാന സർക്കാർ മദ്യസൽക്കാരം നടത്തിയതായി വിവിധ പത്ര-ദൃശ്യ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തത് ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ ഇപ്രകാരം എത്തുന്ന കമ്മീഷനുകൾക്ക് മദ്യസൽക്കാരം നടത്തുന്നത് ഈ സർക്കാരിന്റെ നയമാണോ; വ്യക്തമാക്കുമോ;

# കേരള നിയമസഭ
## 21.01.2014–ലെ മറുപടിക്ക്

<u>വിദ്യാഭ്യാസവായ്പയുടെ പലിശയിളവ്</u>

T.1525 ശ്രീ. കെ. മുരളീധരൻ
,, റ്റി. എൻ. പ്രതാപൻ
,, പാലോട് രവി
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസവായ്പയുടെ പലിശയിളവ് നൽകുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതിയും എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ആർക്കെല്ലാമാണ് പദ്ധതിയനുസരിച്ച് പ്രയോജനം ലഭിക്കുന്നത്; വിശദമാക്കുമോ;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

ബാങ്കുകൾ വഴി നൽകിയിട്ടുള്ള വിദ്യാഭ്യാസ വായ്പയുടെ തിരിച്ചടവ്

T.1526

ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിവിധ ബാങ്കുകൾ വഴി നൽകിയിട്ടുള്ള വിദ്യാഭ്യാസ വായ്പയുടെ തിരിച്ചടവിൽ എന്തെങ്കിലും ഇളവുകൾ പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഇപ്രകാരം ഇളവുകൾ ലഭ്യമാക്കുന്നതിനുവേണ്ടി വായ്പയെടുത്തിട്ടുള്ള വിദ്യാർത്ഥികൾ അപേക്ഷ സമർപ്പിക്കേണ്ടതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) ഇപ്രകാരം ഇതുവരെ എത്ര അപേക്ഷകൾ സർക്കാരിന് ലഭിച്ചിട്ടുണ്ടെന്നും അതിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>വിദ്യാഭ്യാസ വായ്പ</u>

T.1527 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2004-2009 കാലയളവിലുള്ള വിദ്യാഭ്യാസ വായ്പകൾക്ക് പലിശ സബ്സിഡി അനുവദിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എന്നാണ് തീരുമാനമെടുത്തത് ;

(സി) ഇതു സംബന്ധിച്ച് എത്ര അപേക്ഷകളാണ് ഇതുവരെ ലഭിച്ചതെന്നും ആർക്കെങ്കിലും സബ്സിഡി അനുവദിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ ;

(ഡി) ഇല്ലെങ്കിൽ എന്തുകൊണ്ടാണ് പദ്ധതി നടപ്പിലാക്കാത്തതെന്നും എന്ന് നടപ്പിലാക്കുമെന്നും അറിയിക്കാമോ ?

# കേരള നിയമസഭ
# 21.01.2014-ലെ മറുപടിക്ക്

<u>സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ വായ്പ</u>

T.1528 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ വായ്പ എഴുതിതള്ളുന്നതിനോ, വായ്പയുടെ പലിശ ഒഴിവാക്കുന്നതിനോ ബാങ്കുകൾക്ക് സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ടോ; ഇതു സംബന്ധിച്ച വിശദവിവരം നൽകുമോ;

(ബി) സഹകരണ ബാങ്കുകൾ പ്രസ്തുത ആവശ്യങ്ങൾക്കു നൽകിയ വായ്പകൾക്കും ഇത്തരത്തിൽ സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ബാങ്ക് വായ്പ എടുത്തിട്ടും തിരിച്ചടവ് പൂർത്തിയാക്കാത്ത സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിച്ചിരുന്ന വിദ്യാർത്ഥികളിൽ ഏതു കാലം മുതലുള്ളവരുടെ വായ്പകൾക്കാണ് പലിശയിളവുകൾ അനുവദിച്ചിട്ടുള്ളതെന്നു പറയാമോ; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

'തൃപ്തി' ന്യായവില ഭക്ഷണ ശാലകൾ

T.1529 ശ്രീ. എ. എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'തൃപ്തി' ന്യായവില ഭക്ഷണശാലകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ എവിടൊക്കെയാണ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) ഈ ഭക്ഷണശാലകളുടെ നടത്തിപ്പ് ചുമതല ആർക്കാണ് നൽകിയിട്ടുള്ളത്;

(ഡി) ഇവയുടെ പ്രവർത്തനം എന്ന് ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

തൃപ്തി ന്യായവില ഭക്ഷണശാല

T.1530 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃപ്തി ന്യായവില ഭക്ഷണശാലകൾ ആരംഭിക്കുന്നതിനായി 2013-14-ലെ ബജറ്റിൽ എത്ര തുക വകകൊള്ളിച്ചിരുന്നുവെന്ന് വ്യക്തമാക്കുമോ; ഇതിൽ എന്ത് രൂപ നാളിതുവരെ ചെലവഴിച്ചു;

(ബി) 20 രൂപ നിരക്കിൽ എല്ലാവർക്കും ഭക്ഷണം നൽകാൻ എല്ലാ താലൂക്ക് ആസ്ഥാനങ്ങളിലും തൃപ്തി ന്യായവില ഭക്ഷണശാലകൾ ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നത് ഏതെല്ലാം താലൂക്ക് ആസ്ഥാനങ്ങളിൽ പ്രവർത്തനം ആരംഭിച്ചുവെന്ന് വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

പട്ടാമ്പി താലൂക്ക് സ്റ്റാറ്റിസ്റ്റിക്സ് ഇൻസ്പെക്ടറുടെ ഓഫീസ്

1531 ശ്രീ. സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യത്തിന്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പട്ടാമ്പി താലൂക്ക് രൂപീകരിച്ചതിന്റെ അടിസ്ഥാനത്തിൽ പട്ടാമ്പിയിൽ ഒരു താലൂക്ക് സ്റ്റാറ്റിസ്റ്റിക്സ് ഇൻസ്പെക്ടറുടെ ഓഫീസ് അനുവദിക്കുമോ ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്ക്സ് വകുപ്പിന് താലൂക്ക്തല ഓഫീസുകള്‍</u>

1532 ഡോ. കെ. ടി. ജലീല്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്ക്സ് വകുപ്പിന് എല്ലാ താലൂക്കുകളിലും ഓഫീസുകള്‍ നിലവിലുണ്ടോ;

(ബി) ഇല്ലെങ്കില്‍ പുതുതായി രൂപീകരിച്ചിട്ടുള്ള താലൂക്കുകളില്‍ ഓഫീസുകള്‍ ആരംഭിക്കാന്‍ ഉദ്ദേശിക്കുന്നുണ്ടോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>ക്ഷീരകർഷക പെൻഷൻ</u>

1533 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കായംകുളം അസംബ്ലി മണ്ഡലത്തിൽപ്പെട്ട മാവേലിക്കര, ഭരണിക്കാവ്, മുതുകുളം ബ്ലോക്കുകളിൽ നിന്നും ക്ഷീര കർഷക പെൻഷനുവേണ്ടി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്;

(ബി) നിലവിൽ എത്ര പേർക്ക് പെൻഷൻ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ക്ഷീര വികസനത്തിന്റെ ഭാഗമായി കായംകുളത്ത് ഒരു ഹൈടെക് ഡയറി ഫാം സ്ഥാപിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>ക്ഷീരകർഷക ക്ഷേമനിധി</u>

1534 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ക്ഷീരകർഷക ക്ഷേമനിധിയിൽ നിന്ന് എന്തെല്ലാം സഹായങ്ങളാണ് ഇപ്പോൾ അംഗങ്ങൾക്ക് നൽകിവരുന്നത്;

(ബി) വിവാഹധനസഹായം, മരണാനന്തര ധനസഹായം എന്നീ ഇനത്തിൽ എത്ര രൂപ വീതമാണ് അനുവദിക്കുന്നത്;

(സി) ഇവ കാലോചിതമായി വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) ആലത്തൂർ നിയോജക മണ്ഡലത്തിൽ നിന്ന് ക്ഷീരകർഷക ക്ഷേമനിധിയിൽ അംഗങ്ങളായവരുടെ എണ്ണം എത്രയെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>ക്ഷീര സഹകരണ സംഘങ്ങൾക്ക് സാമ്പത്തിക സഹായം</u>

1535 ശ്രീ. സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ക്ഷീര സഹകരണ സംഘങ്ങൾക്ക് എന്തെല്ലാം സാമ്പത്തിക സഹായമാണ് സർക്കാർ നൽകുന്നത്;

(ബി) വടകര അസംബ്ലി മണ്ഡലത്തിലെ വടകര മുനിസിപ്പാലിറ്റി, ചോറോട്, എറാമല, ഒഞ്ചിയം, അഴിയൂർ എന്നീ മേഖലകളിൽ എത്ര ക്ഷീര സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്;

(സി) ക്ഷീര സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം സഹായങ്ങൾ ക്ഷീര വകുപ്പ് നൽകുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>പാല്‍ ഉല്പാദനം</u>

1536 ശ്രീ. പി. കെ. ഗുരുദാസന്‍
,, സി. കൃഷ്ണന്‍
,, കെ. കുഞ്ഞിരാമന്‍ ( ഉദുമ)
,, ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പാല്‍ ഉല്പാദനം അനുദിനം കുറഞ്ഞുവരുന്നതായി അറിയാമോ;

(ബി) ഇതുമൂലം പാലിന് അന്യസംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടിവരുന്നതും ഇത്തരം പാലിന്റെ ഗുണമേന്മയെക്കുറിച്ച് പരാതികള്‍ നിലനില്ക്കുന്നതും ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(സി) നിലവില്‍ എത്ര ലക്ഷം ക്ഷീരോല്പാദകരുണ്ടെന്നും ഒടുവിലത്തെ വാര്‍ഷിക ഉല്പാദനം എത്രയാണെന്നും വിശദമാക്കുമോ; ഇവ മുന്‍പത്തെ അഞ്ചുവര്‍ഷത്തെ സ്ഥിതിവിവര കണക്കുകളുമായി താരതമ്യം ചെയ്തു വിശദമാക്കുമോ;

(ഡി) ക്ഷീരകര്‍ഷകര്‍ പ്രതിസന്ധിയില്‍ നിന്നു കരകയറുന്നതിന് മുന്നോട്ടുവച്ച ആവശ്യങ്ങള്‍ അംഗീകരിക്കുമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>പാൽക്ഷാമം</u>

1537 ശ്രീ. കെ. കെ. നാരായണൻ
,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
,, കെ. കുഞ്ഞമ്മത് മാസ്റ്റർ
,, സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇപ്പോൾ പാൽക്ഷാമം അനുഭവപ്പെടുന്നുണ്ടോ ; എങ്കിൽ ഇതിനുള്ള കാരണങ്ങൾ എന്തെല്ലാമാണ് ;

(ബി) പാൽക്ഷാമം പരിഹരിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നല്കാമോ ;

(സി) ഈ രംഗത്ത് ഇപ്പോൾ അനുവർത്തിച്ചുവരുന്ന നയ സമീപനങ്ങളിലെ പാളിച്ചകൾ വിശകലനം ചെയ്തിട്ടുണ്ടോ; അവ തിരുത്താൻ തയ്യാറാകുമോ ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>കുളമ്പുരോഗവും പാൽ ഉൽപാദനവും</u>

1538 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുളമ്പു രോഗം പടർന്നുപിടിച്ചതിനെത്തുടർന്ന് കടുത്ത പാൽ ക്ഷാമം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പാൽ ഉൽപാദനം കുറഞ്ഞത് സംബന്ധിച്ച് ലഭ്യമായ വിവരങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) പാൽ ക്ഷാമം പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ;

(സി) ഈ അവസരം മുതലെടുത്ത് അയൽ സംസ്ഥാനങ്ങളിൽ നിന്ന് മായം കലർന്ന പാൽ വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് തടയാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ഡി) കുളമ്പു രോഗം പടർന്നു പിടിക്കുകയും മൃഗങ്ങൾ മരണമടയുകയും ചെയ്യുന്ന സാഹചര്യത്തിൽ ക്ഷീര കർഷകരുടെ വായ്പകൾ എഴുതിത്തള്ളാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>കോഴിക്കോട് ജില്ലയിൽ കുളമ്പുരോഗം മൂലം ക്ഷീരമേഖലയ്ക്കുണ്ടായ നഷ്ടം</u>

1539 ശ്രീ. എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുളമ്പുരോഗം മൂലം ക്ഷീരമേഖലയ്ക്ക് ഇതുവരെ എത്ര കോടി രൂപ നഷ്ടമുണ്ടായെന്നു വ്യക്തമാക്കുമോ;

(ബി) കുളമ്പുരോഗം മൂലം പശുക്കൾ നഷ്ടപ്പെട്ട ക്ഷീരകർഷകർക്ക് ക്ഷീരവികസനവകുപ്പ് ധനസഹായം പ്രഖ്യാപിച്ചിട്ടുണ്ടോ;

(സി) എങ്കിൽ, അനുവദിച്ച തുകയും കോഴിക്കോട് ജില്ലയിൽ ഇതുവരെ തുക ലഭിച്ച ക്ഷീരകർഷകരുടെ പേരും മേൽവിലാസവും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>ക്ഷീരസംഘം ജീവനക്കാരുടെ സേവനവേതന വ്യവസ്ഥകൾ</u>

1540 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ക്ഷീരസംഘം ജീവനക്കാർക്ക് 2009-ൽ 80-ാം വകുപ്പ് പ്രകാരം സേവന വേതന വ്യവസ്ഥകൾ ബാധകമാക്കി ഉത്തരവ് പുറപ്പെടുവിച്ചെങ്കിലും മിക്ക സംഘങ്ങളിലും നടപ്പിലാക്കിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പാലക്കാട് ജില്ലയിൽ എത്ര ക്ഷീര സംഘങ്ങളിലാണ് 80-ാം വകുപ്പ് നടപ്പിലാക്കിയിട്ടുള്ളത്;

(സി) ഇനിയും എത്ര സംഘങ്ങളിൽ നടപ്പിലാക്കുവാനുണ്ട്;

(ഡി) ഇതിന്റെ ഭാഗമായി മിൽമ എത്ര വിഹിതമാണ് അടക്കേണ്ടത്;

(ഇ) മിൽമ 10% മാർജിൻ നൽകുന്നില്ല എന്ന പരാതി ലഭ്യമായിട്ടുണ്ടോ;

(എഫ്) എങ്കിൽ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്?

## കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>ഗാന്ധി പൈതൃക പദ്ധതി</u>

1541 ശ്രീ. എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും**
**സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ ഗാന്ധി ഹെറിറ്റേജ് സൈറ്റ്സ് മിഷന്റെ ഗാന്ധി പൈതൃക പദ്ധതിയിൽ കോഴിക്കോട്ടുള്ള ഗാന്ധി ആശ്രമം ഉൾപ്പെടുത്തുവാനുള്ള നടപടികളുടെ പുരോഗതി വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>കലാമണ്ഡലം കല്പിത സർവ്വകലാശാലയിലെ ജീവനക്കാരുടെ സമരം</u>

1542 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കലാമണ്ഡലം കല്പിത സർവ്വകലാശാലയിലെ ജീവനക്കാർ വിവിധങ്ങളായ ആവശ്യങ്ങൾ ഉന്നയിച്ച് സമരം നടത്തുവാൻ തീരുമാനിക്കുകയും സർക്കാർ ഇതു സംബന്ധിച്ച് ചർച്ച ചെയ്യാമെന്ന് സന്നദ്ധത അറിയിച്ചതിന്റെയടിസ്ഥാനത്തിൽ സമരം പിൻവലിക്കുകയും ചെയ്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ വിഷയത്തിൽ സമരസംഘടനാ നേതാക്കളുമായി എന്തെങ്കിലും ചർച്ചകൾ നടത്തിയിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത ചർച്ചകളെ തുടർന്ന് കൈക്കൊണ്ട തീരുമാനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത തീരുമാനങ്ങൾ നടപ്പിലാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നറിയിക്കുമോ;

(ഇ) സംഘടനാ നേതാക്കളുമായി നടത്തിയ ചർച്ചയുടെ തീരുമാനങ്ങൾ കാലതാമസമില്ലാതെ നടപ്പിലാക്കുമെന്ന് ഉറപ്പുവരുത്താൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>'സി-ഡിറ്റ്' ന്റെ പ്രവർത്തനം</u>

1543 ശ്രീ. കെ. ശിവദാസൻ നായർ
'' ഡൊമിനിക് പ്രസന്റേഷൻ
'' ഹൈബി ഈഡൻ
'' വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസവും ആസൂത്രണവും**
**സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'സി-ഡിറ്റ്' ന്റെ രജത ജൂബിലി ആഘോഷങ്ങൾ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് ആയതിൻ പ്രകാരം കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) 'സി-ഡിറ്റ്' ന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനും കാര്യക്ഷമമാക്കുന്നതിനും എന്തെല്ലാം കർമ്മപദ്ധതികളാണ് ആവിഷ്ക്കരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(ഡി) 'സി-ഡിറ്റ്' ന് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി നിലവിലുള്ള എല്ലാ കരാർ ജീവനക്കാരെയും സ്ഥിരപ്പെടുത്തുന്നകാര്യം പരിഗണിക്കുമോ; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>പരസ്യങ്ങൾ നിയന്ത്രിക്കുന്നതിനും പരിശോധിക്കുന്നതിനും സംവിധാനം</u>

1544 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാധ്യമങ്ങളിൽ വരുന്ന പരസ്യങ്ങളും പരിപാടികളും ജനങ്ങളിൽ, പ്രത്യേകിച്ച് കുട്ടികളിൽ തെറ്റായ ആശയങ്ങളും അശാസ്ത്രീയ ചിന്തകളും ഉണ്ടാക്കുന്നവയാണെന്ന കാര്യം ബോധ്യപ്പെട്ടിട്ടുണ്ടോ; ഇതു പരിശോധിക്കുവാൻ സാംസ്കാരിക വകുപ്പിൻ കീഴിൽ എന്തെങ്കിലും സംവിധാനങ്ങൾ നിലവിലുണ്ടോ; വ്യക്തമാക്കാമോ;

(ബി) പല ഉപകരണങ്ങളും, സൗന്ദര്യവർദ്ധക വസ്തുക്കളും, ഭക്ഷ്യസാധനങ്ങളും വളരെയേറെ പ്രശ്നങ്ങൾ ഉണ്ടാക്കുന്നവയായിരുന്നിട്ടും ഇവയുടെ പരസ്യങ്ങൾ നിയന്ത്രിക്കുന്നതിനോ പരിശോധിക്കുന്നതിനോ ആവശ്യമായ സംവിധാനങ്ങൾ ഇല്ലാത്തത് എന്തുകൊണ്ടാണെന്നു വിശദമാക്കാമോ?

## കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

പരസ്യപ്രചരണങ്ങൾക്കുവേണ്ടി ചെലവാക്കിയ തുക

1545

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ഇതുവരെ പി.ആർ.ഡി. വഴിയും വിവിധ വകുപ്പുകൾ വഴിയും പരസ്യപ്രചരണങ്ങൾക്കുവേണ്ടി ചെലവാക്കിയ ആകെ തുക എത്രയാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ഇനത്തിൽ മാധ്യമങ്ങൾക്ക് കൊടുത്തുതീർക്കാനുള്ള ആകെ കുടിശ്ശിക തുക എത്രയാണ്?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

ചരിത്ര സ്മാരകങ്ങൾ സംരക്ഷിക്കുന്നതിന് നടപടി

T.1546 ശ്രീ. എൻ. ഷംസുദ്ദീൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും**
**സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ കൊല്ലങ്കോട് തെന്മല താഴ്വരയിലെ ചരിത്രസ്മാരകങ്ങൾ സംരക്ഷിക്കുന്നതിന് എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രാചീന ശിലായുഗം തൊട്ടുള്ള ചരിത്രാവശിഷ്ടങ്ങൾ ധാരാളമുള്ള പ്രസ്തുത പ്രദേശത്തിന്റെ ഉദ്ഘനനത്തിനും ചരിത്രപഠനത്തിനും പ്രചരണത്തിനും ആവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>കലാകാരപെൻഷൻ</u>

1547 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഏതൊക്കെ സ്ഥാപനങ്ങൾ വഴി എത്ര വീതം അപേക്ഷകൾ കലാകാരപെൻഷനുവേണ്ടി സമർപ്പിച്ചവയിൽ ഇനിയും തീർപ്പുകൽപ്പിക്കാത്തതായി സാംസ്ക്കാരികവകുപ്പിൽ കെട്ടിക്കിടപ്പുണ്ട്; ഇതു സംബന്ധിച്ച കണക്ക് ലഭ്യമാക്കുമോ;

(ബി) കലാകാരന്മാർക്ക് നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന പെൻഷൻ വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>മണ്ണടി വേലുത്തമ്പിദളവാ സ്മാരക സമുച്ചയം</u>

1548 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അടൂർ മണ്ഡലത്തിലെ മണ്ണടിയിലുള്ള വേലുത്തമ്പി ദളവാ സ്മാരക സമുച്ചയത്തിന്റെ നിലവിലുള്ള ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ആയത് സംബന്ധിച്ച് നിലനിൽക്കുന്ന വിഷയങ്ങൾ ബോധ്യപ്പെടുന്നതിന് ശ്രമമുണ്ടാകുമോ;

(സി) ധീരദേശാഭിമാനിയുടെ മണ്ണടി സ്മാരക സമുച്ചയത്തിൽ ശ്രദ്ധേയമായ ചരിത്ര മ്യൂസിയവും, ചരിത്ര ഗവേഷകർക്കും മറ്റും വേണ്ടുന്ന സൗകര്യങ്ങൾ ലഭ്യമാകുന്ന തരത്തിൽ വിപുലമായ പഠന ഗവേഷണകേന്ദ്രവും നിർമ്മിക്കുന്നതിന് നടപടി കൈക്കൊള്ളുമോ?

## കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

തലസ്ഥാനത്ത് തുഞ്ചത്ത് എഴുത്തച്ഛന്റെ പ്രതിമ സ്ഥാപനം

1549 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭാഷാ പിതാവായ തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛന്റെ പ്രതിമ തലസ്ഥാനത്ത് സർക്കാർ മുൻകയ്യെടുത്ത് സ്ഥാപിക്കുന്നതിന് പദ്ധതിയുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇക്കാര്യം പ്രാവർത്തികമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>രാജാരവിവര്‍മ്മ സ്മാരക നിര്‍മ്മാണത്തിന്റെ രണ്ടാം ഘട്ടം</u>

1550 ശ്രീ. ബി. സത്യന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) രാജാരവിവര്‍മ്മ സ്മാരക നിര്‍മ്മാണത്തിന്റെ രണ്ടാം ഘട്ടം എന്നുമുതല്‍ തുടങ്ങുവാനാണ് തീരുമാനിച്ചിട്ടുളളത്; വ്യക്തമാക്കാമോ; ആയതിനായി എന്ത് തുകയാണ് അനുവദിച്ചിട്ടുളളത്; എന്തെല്ലാം കാര്യങ്ങളാണ് ഉള്‍പ്പെടുത്തിയിട്ടുള്ളത്; വിശദമാക്കാമോ;

(ബി) പ്രസ്തുത സ്മാരക നിര്‍മ്മാണത്തിനു വേണ്ടി കേന്ദ്ര സര്‍ക്കാരിന് ലളിതകലാ അക്കാദമി സമര്‍പ്പിച്ച പ്രോജക്ടിന് മേല്‍ എന്ത് നടപടിയുണ്ടായിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) ഒന്നാംഘട്ടം നിര്‍മ്മാണം പൂര്‍ത്തിയായ സ്മാരകം ഇപ്പോള്‍ നാശത്തിന്റെ വക്കിലാണെന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

**കേരള നിയമസഭ**
**21.01.2014-ലെ മറുപടിക്ക്**

<u>മൂഴിക്കുളം കൊച്ചുകുട്ടൻ ചാക്യാരുടെ പേരിൽ സ്മാരക കൂത്തമ്പലം നിർമ്മിക്കുന്നതിന് നടപടി</u>

1551 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യത്തിന്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

മൂഴിക്കുളം കൊച്ചുകുട്ടൻ ചാക്യാരുടെ പേരിൽ സ്മാരക കൂത്തമ്പലം നിർമ്മിക്കുന്നതിനായി പാറക്കടവ് ഗ്രാമപഞ്ചായത്തിലെ റവന്യൂ പുറമ്പോക്ക് ഭൂമി സാംസ്ക്കാരിക വകുപ്പിന്റെ പേരിലാക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്താണെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>പഞ്ചവാദ്യകുലപതി</u>

1552 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യത്തിന്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പഞ്ചവാദ്യകുലപതി പത്മഭൂഷൺ കുഴൂർ നാരായണമാരാരുടെ സ്മാരകമായി ഒരു വാദ്യകലാകേന്ദ്രം ആരംഭിക്കുന്നതിനും, അദ്ദേഹത്തിന്റെ സ്മരണയ്ക്കായി പഞ്ചവാദ്യകലാകാരന്മാർക്കായി അവാർഡ് ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ, ആയതിനായി നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>വര്‍ക്കലയില്‍ സെന്റര്‍ ഫോര്‍ പെര്‍ഫോര്‍മിങ്ങ് ആര്‍ട്സ് രൂപീകരണം</u>

1553 ശ്രീ. ബി. സത്യന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വര്‍ക്കലയില്‍ സെന്റര്‍ ഫോര്‍ പെര്‍ഫോമിങ്ങ് ആര്‍ട്സ് സ്ഥാപിക്കാന്‍ സ്പെഷ്യല്‍ പര്‍പ്പസ് വെഹിക്കിള്‍ രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ആയതിനായി എന്ത് തുകയാണ് അനുവദിച്ചത്; എന്തെല്ലാം കാര്യങ്ങള്‍ക്ക് എന്ത് തുക വീതം ഇതിനകം ചിലവഴിക്കുകയുണ്ടായി;

(സി) രൂപീകരിക്കപ്പെട്ട കമ്പനിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും ഘടനയും വിശദമാക്കാമോ;

(ഡി) നിലവില്‍ കമ്പനിയുടെ ഡയറക്ടര്‍മാര്‍ ആരൊക്കെയാണ്; സര്‍ക്കാര്‍ ഷെയര്‍ എത്ര; ആതറൈസ്ഡ് ഷെയര്‍ ക്യാപിറ്റല്‍ എത്ര;

(ഇ) കമ്പനിക്ക് വേണ്ടി നാളിതുവരെ എന്തെല്ലാം പ്രവര്‍ത്തനങ്ങള്‍ നടന്നു; കരസ്ഥമാക്കിയ ഭൂമി എത്ര;

(എഫ്) സ്പെഷ്യല്‍ പര്‍പ്പസ് വെഹിക്കിളിന്റെ സ്പെഷ്യല്‍ ഓഫീസറായി നിയമിച്ചത് ആരെയാണ്; എത്ര മാസത്തേയ്ക്ക്; നിലവില്‍ പ്രസ്തുത ഓഫീസര്‍ തുടരുന്നുണ്ടോ;

(ജി) കമ്പനി നാളിതുവരെ എന്തെല്ലാം തസ്തികയില്‍ ആരെയെല്ലാം നിയമിക്കുകയുണ്ടായി; വിശദാംശങ്ങള്‍ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>വര്‍ക്കല സെന്റര്‍ ഫോര്‍ പെര്‍ഫോമിംഗ് ആര്‍ട്സിന്</u>
<u>കേന്ദ്രസഹായം</u>

1554 ശ്രീ. പി. കെ. ഗുരുദാസന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വര്‍ക്കല സെന്റര്‍ ഫോര്‍ പെര്‍ഫോമിംഗ് ആര്‍ട്സിന് കേന്ദ്ര സര്‍ക്കാരില്‍ നിന്നും സഹായം ലഭിക്കുകയുണ്ടായോ; വിശദാംശങ്ങള്‍ വെളിപ്പെടുത്താമോ;

(ബി) ആയതിനായി രൂപീകരിക്കപ്പെട്ട സ്പെഷ്യല്‍ പര്‍പ്പസ് വെഹിക്കിള്‍ സ്പെഷ്യല്‍ ആഫീസര്‍, ബ്രോഷര്‍ പ്രിന്റ് ചെയ്തിട്ടുണ്ടോ; ബ്രോഷറിന്റെ പകര്‍പ്പ് ലഭ്യമാക്കാമോ; ഇതിനായി മൊത്തം എന്ത് തുക ചെലവ് വരികയുണ്ടായി; പ്രിന്‍റ് ചെയ്ത കോപ്പികള്‍ എത്ര; വ്യക്തമാക്കാമോ;

(സി) കേന്ദ്ര സഹായത്തിനായി സമര്‍പ്പിച്ച പ്രോജക്ട് റിപ്പോര്‍ട്ട് അംഗീകരിക്കപ്പെട്ടിട്ടുണ്ടോ;

(ഡി) എസ്.പി.വി.യ്ക്ക് വേണ്ടി സംസ്ഥാന സര്‍ക്കാര്‍ എന്ത് തുക ഇതിനകം നല്കുകയുണ്ടായി; ഏതെല്ലാം ആവശ്യങ്ങള്‍ക്ക്; എന്തു തുക വിനിയോഗിക്കപ്പെട്ടു; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>ജനസമ്പർക്ക പരിപാടിയും ദേശീയ ദിനപ്പത്രങ്ങളിലെ പരസ്യവും</u>

1555 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജനസമ്പർക്ക പരിപാടിയെ സംബന്ധിച്ച് ദേശീയ ദിനപ്പത്രങ്ങളിൽ പരസ്യം നൽകിയിരുന്നുവോ ; വ്യക്തമാക്കാമോ ;

(ബി) ഏതെല്ലാം ദിനപ്പത്രങ്ങളിലാണ് പരസ്യം നൽകിയത് ; വിശദമാക്കാമോ ;

(സി) പ്രസ്തുത ദിനപ്പത്രങ്ങളുടെ ഏതെല്ലാം എഡിഷനുകളിലാണ് പരസ്യം നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 21.01.2014-ലെ മറുപടിക്ക്

<u>സർക്കാർ പരസ്യങ്ങൾക്ക് വേണ്ടി ചിലവഴിച്ച തുക</u>

T.1556 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഇതുവരെ പരസ്യങ്ങൾക്കുവേണ്ടി ചിലവഴിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) മുഖ്യമന്ത്രിയുടെ രണ്ട് ജനസമ്പർക്ക പരിപാടികൾക്കുവേണ്ടി പരസ്യത്തിനായി ആകെ എന്തു തുക ചിലവഴിച്ചിട്ടുണ്ടന്ന് വ്യക്തമാക്കാമോ;

(സി) 2011-12, 2012-13, 2013-14, വർഷങ്ങളിൽ ബഡ്ജറ്റിൽ ഇപ്രകാരം സർക്കാർ പരസ്യങ്ങൾക്കുവേണ്ടി വകയിരുത്തിയ തുകയുടെയും ചിലവഴിച്ച തുകയുടെയും വിശദാംശങ്ങൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

വിദേശരാജ്യങ്ങളിൽ ജോലിക്ക് പോകുന്ന മലയാളി യുവതികൾ

1557 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിവിധ വിദേശരാജ്യങ്ങളിൽ ജോലിക്ക് പോകുന്ന മലയാളി യുവതികൾ പെൺവാണിഭ റാക്കറ്റുകളുടെ വലയിലകപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം റാക്കറ്റുകളിൽപെട്ടുപോകുന്ന യുവതികളുടെ മോചനത്തിന് സർക്കാർ സ്വീകരിച്ച നടപടി എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(സി) എത്ര യുവതികളെ ഈ സർക്കാരിന്റെ കാലയളവിൽ ഇത്തരത്തിൽ മോചിപ്പിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

## കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

'നിതാഖത് നിയമം'

1558 ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'സൗദി സ്വദേശിവത്കരണ (നിതാഖത്)' ത്തിന്റെ ഭാഗമായി എത്ര മലയാളികൾ സ്വദേശത്തേക്ക് തിരിച്ചു വന്നിട്ടുണ്ട്; ഇതിൽ എത്ര പേർക്ക് സർക്കാർ പ്രഖ്യാപിച്ച സൗജന്യ വിമാന ടിക്കറ്റ് സേവനം ലഭ്യമാക്കിയിട്ടുണ്ട്; വ്യക്തമാക്കാമോ;

(ബി) നിതാഖത് മൂലം തിരിച്ചു വന്നവരുടെ പുനരധിവാസത്തിന് സർക്കാർ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>'നിതാഖത് നിയമം' നടപ്പാക്കിയതിനെ തുടർന്ന് നാട്ടിൽ എത്തിയവർ</u>

1559 ശ്രീ. സി. ദിവാകരൻ
'' ഇ. കെ. വിജയൻ
'' ചിറ്റയം ഗോപകുമാർ
'' വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'നിതാഖത് നിയമം' നടപ്പാക്കിയതിനെ തുടർന്ന് സർക്കാർ നേരിട്ട് എത്ര പേരെ നാട്ടിൽ എത്തിച്ചിട്ടുണ്ട്; ഓരോ ജില്ലയിലും എത്ര വീതം; വിശദമാക്കാമോ;

(ബി) പ്രസ്തുത നിയമത്തിന്റെ പരിധിയിൽപ്പെട്ട എത്ര പേരെ ഇനി നാട്ടിൽ എത്തിക്കാനുണ്ട്; ഇവർക്കുവേണ്ടി എന്തു നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) നാട്ടിൽഎത്തിയവരെ പുനരധിവസിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതികളുണ്ടോ; എങ്കിൽ എന്തെല്ലാം; ഇതിനകം എത്രപേരെ പുനരധിവസിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

'നിതാഖത്ത്' പ്രശ്നവുമായി ബന്ധപ്പെട്ട് നാട്ടിലെത്തിയവർ

1560 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'നിതാഖത്ത്' പ്രശ്നവുമായി ബന്ധപ്പെട്ട് പ്രവാസി ജീവിതം ഉപേക്ഷിച്ച് വരുന്ന പ്രവാസികൾക്ക് ഉപജീവനത്തിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുളളതെന്ന് വ്യക്തമാക്കാമോ;

(ബി) 'നിതാഖത്ത്' പ്രശ്നവുമായി കേരളത്തിൽ ഇതുവരെ തിരികെയെത്തിയിട്ടുളളവരുടെ കണക്ക് ലഭ്യമാണോ; എങ്കിൽ ജില്ലതിരിച്ചുളള കണക്ക് ലഭ്യമാക്കാമോ?

**കേരള നിയമസഭ**
**21.01.2014-ലെ മറുപടിക്ക്**

നിതാഖത്ത് നിയമം

1561 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗൾഫ് രാജ്യങ്ങളിൽ നിതാഖത്ത് നിയമം നടപ്പിൽ വന്നതിനു ശേഷം എത്ര കേരളീയർ ജോലി നഷ്ടപ്പെട്ട് തിരിച്ചെത്തിയതായാണ് കണക്കാക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം ഗൾഫ് രാജ്യങ്ങളിലാണ് നിയമം നടപ്പിലാക്കിയതെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത നിയമത്തിൽ ഇളവ് ലഭിക്കുന്നതുമായി ബന്ധപ്പെട്ട് നോർക്ക വകുപ്പ് എന്തെല്ലാം നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ഡി) നിതാഖത്ത് നിയമത്തെ തുടർന്ന് തിരിച്ചെത്തിയ കേരളീയരുടെ പുനരധിവാസവുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഇ) തിരികെ എത്തുന്ന പ്രവാസി ഇന്ത്യാക്കാരുടെ ക്ഷേമത്തിനായി കേന്ദ്ര സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>നിതാഖത്ത് നിയമപ്രകാരം തിരിച്ചെത്തിയവരുടെ പുനരധിവാസം</u>

1562 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിതാഖത്ത് നിയമപ്രകാരം ഗൾഫ് നാടുകളിൽ നിന്ന് എത്രപേർ തൊഴിൽ നഷ്ടപ്പെട്ട് കേരളത്തിൽ എത്തിച്ചേർന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) ഇവർക്കായി എന്തെല്ലാം പുനരധിവാസ പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്നുള്ള വിവരം ലഭ്യമാക്കുമോ;

(സി) ആയതിലേയ്ക്കായി എന്തു തുക ചിലവഴിച്ചുവെന്നും എന്തു തുകയാണ് നടപ്പു സാമ്പത്തികവർഷം തന്നെ നീക്കിവച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>നിതാഖത്ത് നിയമം മൂലം തിരിച്ചെത്തിയ പ്രവാസികളുടെ പുനരധിവാസം</u>

T.1563 ശ്രീ. ഇ.കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിതാഖത്ത് നിയമം മൂലം വിദേശരാജ്യങ്ങളിൽ നിന്ന് കേരളത്തിൽ തിരിച്ചെത്തിയ പ്രവാസികളെ സംബന്ധിക്കുന്ന വിവരം ശേഖരിച്ചിട്ടുണ്ടോ;

(ബി) ഇവരുടെ പുനരധിവാസത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും പ്രസ്തുത നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ?;

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

നിതാഖത്ത് നിയമം മൂലം വിദേശത്ത് നിന്ന് മടങ്ങിവന്ന മലയാളികളുടെ കണക്ക്

1564 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിതാഖത്ത് നിയമം മൂലം വിദേശത്ത് നിന്ന് മടങ്ങിവന്ന മലയാളികളുടെ കണക്ക് ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവാസികൾക്ക് പിന്നോക്ക വിഭാഗ കോർപ്പറേഷൻ, മറ്റ് സമാന ഏജൻസികൾ എന്നിവയിൽ നിന്നും എന്തെല്ലാം സഹായങ്ങൾ ആണ് ലഭ്യമാക്കി വരുന്നത്; വിശദാംശം ലഭ്യമാക്കാമോ;

(സി) നിതാഖത്ത് നിയമം കാരണം നാട്ടിൽ തിരികെ എത്തിയ പ്രവാസികളുടെ കണക്ക് ശേഖരിക്കുകയും, അത് നിയോജക മണ്ഡലാടിസ്ഥാനത്തിൽ ക്രോഡീകരിക്കുകയും ചെയ്തിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കണക്കിന്റെ അടിസ്ഥാനത്തിൽ പുനരധിവാസ പാക്കേജുകൾ തയ്യാറാക്കുവാൻ പ്രവാസികാര്യ വകുപ്പ് എന്തെല്ലാം നടപടി സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>നിതാഖത്ത് നിയമത്തെത്തുടർന്ന് മടങ്ങിയെത്തിയ മലയാളികൾ</u>

1565 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിതാഖത്ത് നിയമത്തെത്തുടർന്ന് സൗദിഅറേബ്യയയിൽ നിന്ന് മടങ്ങിയെത്തുന്നവർക്കായി സർക്കാർ പ്രഖ്യാപിച്ച പാക്കേജിൽ നിന്ന് ഇതിനകം എത്ര പേർക്ക് സംരംഭക സബ്സിഡി നൽകുകയുണ്ടായി;

(ബി) ഇത് സംബന്ധമായി സർക്കാർ പുറപ്പെടുവിച്ച ഭരണാനുമതിയുടെ പകർപ്പ് സഭയുടെ മേശപ്പുറത്ത് വയ്ക്കാമോ;

(സി) നിതാഖത്തിനെത്തുടർന്ന് മടങ്ങി എത്തിയ ഗൾഫ് മലയാളികളുടെ എണ്ണം എത്രയാണ്; അങ്ങനെയുള്ളവരുടെ എത്ര സംരംഭങ്ങൾ സംസ്ഥാനത്ത് നിലവിൽ വന്നിട്ടുണ്ട്; സംരംഭക സബ്സിഡി നൽകാനായി തുക അനുവദിച്ചു നൽകിയത് ഏത് സ്ഥാപനത്തിനാണ്; എത്ര പേർക്ക് സബ്സിഡി ലഭ്യമാക്കി; വിശദമാക്കാമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

നിതാഖത്ത് നിയമപ്രകാരം മടങ്ങിയെത്തിയ പ്രവാസികൾക്കു വായ്പ ലഭ്യമാക്കുന്നത്

1566 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

നിതാഖത്ത് നിയമപ്രകാരം തിരികെയെത്തിയിട്ടുള്ള പ്രവാസികളുടെ കണക്കെടുത്തിട്ടുണ്ടോ; ഇവരുടെ പുനരധിവാസത്തിനായി എന്തു നടപടി സ്വീകരിച്ചിട്ടുണ്ട്; തിരികെയെത്തിയവർക്കു സ്വയംതൊഴിലിനായി വായ്പകൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വായ്പകളിൽ എന്തെങ്കിലും ഇളവുകൾ ലഭ്യമാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ?

## കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>നിതാഖത്ത് നിയമപ്രകാരം തിരിച്ചുവന്നവർക്കുള്ള ആനുകൂല്യങ്ങൾ</u>

1567 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിതാഖത്ത് നിയമപ്രകാരം സൗദി അറേബ്യയിൽ നിന്നും തിരിച്ച് വന്നിട്ടുള്ള ആളുകളുടെ കണക്ക് എടുത്തിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരം ആളുകളുടെ കണക്ക് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) നിതാഖത്ത് പ്രകാരം മടങ്ങി വന്ന ആളുകൾക്കായി എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ;

(ഡി) എങ്കിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത പദ്ധതി പ്രകാരം എത്ര പേർക്കാണ് ആനുകൂല്യം ലഭിച്ചത് എന്ന് വിശദമാക്കാമോ?

**കേരള നിയമസഭ**
**21.01.2014-ലെ മറുപടിക്ക്**

<u>സൗദിഅറേബ്യയിൽ നിന്ന് മടങ്ങിയെത്തിയ മലയാളികൾ</u>

1568 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സൗദിയിൽ തൊഴിൽ നിയമ ലംഘകർക്കെതിരെയുള്ള പരിശോധനകളുടെ ഭാഗമായി എത്ര മലയാളികൾക്ക് പ്രസ്തുത രാജ്യം വിടേണ്ടി വന്നിട്ടുണ്ട്; ജില്ലതിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(ബി) ഇത്തരത്തിൽ മടങ്ങിയെത്തിയവർക്ക് സർക്കാർ എന്തെങ്കിലും സഹായം ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

ഗള്‍ഫ് നാടുകളില്‍ ജോലി നഷ്ടപ്പെട്ട് നാട്ടില്‍ തിരിച്ചെത്തിയവര്‍

1569 ശ്രീ. കെ. വി. അബ്ദുള്‍ ഖാദര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഗള്‍ഫ് നാടുകളില്‍ ജോലി നഷ്ടപ്പെട്ട് നാട്ടില്‍ തിരിച്ചെത്തിയവരെ സംബന്ധിച്ച കണക്കുകള്‍ ലഭ്യമാണോ;

(ബി) ഏതെല്ലാം ഗള്‍ഫ് നാടുകളില്‍ നിന്ന് ജോലി നഷ്ടപ്പെട്ട് നാട്ടില്‍ തിരിച്ചെത്തിയവരുടെയും, എന്നു മുതല്‍ തിരിച്ചെത്തിയവരുടെയും കണക്കുകളാണ് നോര്‍ക്ക ശേഖരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(സി) ഗള്‍ഫ് മേഖലയിലേക്ക് പോകുന്നവരുടെയും വരുന്നവരുടെയും കണക്കുകള്‍ ശേഖരിക്കാന്‍ നിലവില്‍ എന്തെല്ലാം സംവിധാനങ്ങളാണുള്ളത്; ഓണ്‍ലൈനില്‍ രജിസ്റ്റര്‍ ചെയ്യുന്ന സംവിധാനം ഉണ്ടോ; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>പ്രവാസികൾക്കായുള്ള ബിസിനസ്സ് സെന്റർ</u>

1570

ശ്രീ. കെ. വി. അബ്ദുൾഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രവാസികളുടെ നിക്ഷേപ/വ്യവസായ സംരംഭങ്ങൾക്ക് വേണ്ട മാർഗ്ഗനിർദ്ദേശം നൽകുന്നതിനായി ബിസിനസ്സ് സെന്റർ ആരംഭിക്കുമെന്ന 2012-13 ലെ ബജറ്റ് പ്രഖ്യാപനം നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) എന്തെല്ലാം സേവനങ്ങളാണ് പ്രസ്തുത സെന്ററിൽ നിന്നും പ്രവാസികൾക്ക് ലഭ്യമാക്കുന്നത്; ബിസിനസ്സ് സെന്റർ സ്ഥാപിക്കുന്നതിന് എന്തു തുകയാണ് വകയിരുത്തിയിരുന്നത്; അതിൽ എന്തു തുക നാളിതുവരെ ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>പ്രവാസികളുടെ ക്ഷേമം</u>

1571 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദേശത്തു നിന്നും തിരികെ നാട്ടിലെത്തുന്ന പ്രവാസി മലയാളികളുടെ ക്ഷേമത്തിനായി എന്തൊക്കെ പദ്ധതികളാണ് നടപ്പാക്കുന്നത്; ഓരോ പദ്ധതിയുടെയും വിശദാംശങ്ങൾ സഹിതം വ്യക്തമാക്കാമോ; ഓരോ പദ്ധതിക്കും അപേക്ഷ നൽകേണ്ടതിനുള്ള നടപടികളും അപേക്ഷാ ഫാറവും ലഭ്യമാക്കാമോ;

(ബി) പ്രവാസികൾക്കായി ഏർപ്പെടുത്തിയ ക്ഷേമനിധി വഴി ലഭിക്കുന്ന സൗകര്യങ്ങൾ എന്തൊക്കെയാണ്; ക്ഷേമനിധിയിൽ അംഗത്വം ലഭിക്കുന്നത് എങ്ങനെയാണെന്ന് വിശദാംശങ്ങൾ സഹിതം വ്യക്തമാക്കാമോ;

(സി) പ്രവാസികൾക്കായി ഏതെങ്കിലും തരത്തിലുള്ള പെൻഷൻ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>പ്രവാസി ക്ഷേമനിധി ബോർഡ് അനുവദിച്ച ധനസഹായം</u>

1572 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രവാസിക്ഷേമനിധിബോർഡിൽ എത്ര പ്രവാസികൾ ഇതുവരെ ക്ഷേമനിധി വിഹിതം അടച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ക്ഷേമനിധി ബോർഡിൽനിന്നും 2012-13 സാമ്പത്തിക വർഷത്തിൽ എത്ര അംഗങ്ങൾക്ക് ധനസഹായം വിതരണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഏതെല്ലാം ഇനങ്ങളിലാണ് ധനസഹായം ലഭ്യമാക്കിയിട്ടുള്ളത് എന്നും ഓരോ ഇനത്തിലും എന്ത് തുക വീതം അനുവദിച്ചുവെന്നും വ്യക്തമാക്കുമോ ;

(ഡി) മുഴുവൻ പ്രവാസികളെയും അംഗങ്ങളാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>നോര്‍ക്ക റൂട്ട്സിന്റെ ഓഫീസ് മലപ്പുറത്ത് സ്ഥാപിക്കുന്നതിന് നടപടി</u>

1573 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് ഏറ്റവും കൂടുതല്‍ പ്രവാസികളുള്ള ജില്ലയായ മലപ്പുറത്ത് പ്രവാസികാര്യങ്ങള്‍ കൈകാര്യം ചെയ്യുന്ന നോര്‍ക്ക റൂട്ട്സിന്റെ ഓഫീസ് ഇല്ലായെന്ന പരാതി ശ്രദ്ധയില്‍പെട്ടിട്ടുണ്ടോ;

(ബി) പ്രവാസികള്‍ കൂടുതലുള്ള മലബാറില്‍ കോഴിക്കോട് കേന്ദ്രമായിട്ടുള്ള നോര്‍ക്ക റൂട്ട്സിന്റെ ഓഫീസില്‍ അപേക്ഷകളുടെ വര്‍ദ്ധനവ് കാരണം നടപടി വൈകുന്നുവെന്ന പരാതി ശ്രദ്ധയില്‍പെട്ടിട്ടുണ്ടോ;

(സി) നോര്‍ക്കറൂട്ട്സിന്റെ ഓഫീസ് അടിയന്തിരമായി മലപ്പുറത്ത് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

ജിദ്ദ ഇന്ത്യൻ എംബസി ഉദ്യോഗസ്ഥരുടെ പെരുമാറ്റം

1574 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സൗദിയിലെ ജിദ്ദ ഇന്ത്യൻ എംബസ്സിയുടെ നിരുത്തരവാദപരമായ പെരുമാറ്റം മൂലം അവിടുത്തെ മലയാളികൾക്കുണ്ടാകുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ജിദ്ദയിൽ വിവിധ അപകടങ്ങളിലും മറ്റുമായി മരണപ്പെട്ട മലയാളികളുടെ മൃതശരീരങ്ങൾ അനുവദിച്ച സമയം കഴിഞ്ഞിട്ടും ബന്ധപ്പെട്ടവരെയോ ബന്ധുക്കളെയോ അറിയിക്കാതെ അഴുകിയ അവസ്ഥയിൽ ഉണ്ടെന്നതും ആയതിന് കാരണം ജിദ്ദ ഇന്ത്യൻ എംബസി തക്ക സമയത്ത് നടപടി എടുക്കാത്തതാണെന്നതും ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) മലപ്പുറം ചീക്കോട്, വിളയിൽ, എളയങ്കാവ് ശ്രീ. അബ്ദുൾ ഗഫൂർ ഗൾഫിൽ 05.08.2013 ന് മരണപ്പെട്ടിട്ട് ജിദ്ദ ഇന്ത്യൻ എംബസിയിലെ ഉദ്യോഗസ്ഥരുടെ അനാസ്ഥ മുലം മാസങ്ങളോളം കഴിഞ്ഞാണ് മറവു ചെയ്യാൻ കഴിഞ്ഞത് എന്നത് നോർക്ക വകുപ്പിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; എങ്കിൽ വീഴ്ച വരുത്തിയ എംബസി ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടിക്കായി കേന്ദ്ര സർക്കാരിനെ സമീപിക്കുമോ ?

## കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>മൃതദേഹം കൊണ്ടുവരുന്നതിന് 48 മണിക്കൂർമുമ്പ് റിപ്പോർട്ട് ചെയ്യണമെന്ന എയർ ഇന്ത്യയുടെ തീരുമാനം</u>

1575 ശ്രീ. എം. എ. ബേബി
,, കെ. വി. അബ്ദുൾ ഖാദർ
ഡോ. കെ. ടി. ജലീൽ
ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൃതദേഹം കൊണ്ടുവരുന്നതിന് 48 മണിക്കൂർ മുമ്പ് റിപ്പോർട്ട് ചെയ്യണമെന്ന എയർ ഇന്ത്യയുടെ തീരുമാനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇന്ത്യാ ഗവൺമെന്റും എയർ ഇന്ത്യയും തുടർന്നുവരുന്ന ഇത്തരം നടപടി തിരുത്തിക്കാൻ സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ; വ്യക്തമാക്കുമോ?